## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3787** **17.12.2015 ന് മറുപടിയ്ക്ക്**

## ശബരിമലയിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ശബരിമലയിലെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഏതെല്ലാം പ്രവൃത്തികൾക്കാണ് കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമായിട്ടുള്ളത്; ഇതിൽ ഏതെല്ലാം പ്രവൃത്തികളുടെ അനുമതിക്കായാണ് കത്ത് നൽകിയിട്ടുള്ളത്. കത്തു നൽകിയവയ്ക്ക് എന്തു മറുപടിയാണ് കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുള്ളത്; ഇവയുടെ തുടർ നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കുമോ; | (എ) ശബരിമലയിൽ ലീസ്ഡ് വൈറോട്ട് ചെയ്ത സ്ഥലത്ത് ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം അംഗീകാരമുള്ള പ്രവർത്തനങ്ങൾക്ക് വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമില്ല. പ്രസ്തുത പ്രദേശത്തിനുപുറത്ത് പെരിയാർ ടൈഗർ റിസർവ്വിന്റെ ഭാഗമായ റിസർവ് വനത്തിനുള്ളിലുള്ള പ്രവർത്തനങ്ങൾക്കാണ് അനുമതി ആവശ്യമായിട്ടുള്ളത്. നിലവിൽ കുന്നാർ ഡാമിന്റെ ഉയരം കൂട്ടുന്നതുമായി ബന്ധപ്പെട്ട് ദേശീയ വന്യജീവി ബോർഡിന്റെ പരിഗണനയ്ക്കായി കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയത്തിന് അപേക്ഷ നൽകിയിട്ടുണ്ട്. ദേശീയ വന്യജീവി ബോർഡ് ആഗസ്റ്റ് 2014-ലെ യോഗത്തിൽ കുന്നാർ ഡാമിന്റെ ഉയരം കൂട്ടുന്നതിന് പകരം മറ്റ് മാർഗ്ഗങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. ഇതുമായി ബന്ധപ്പെട്ട കേസ്സിൽ ബഹു. ഹൈക്കോടതി 28-10-2015-ൽ നൽകിയ നിർദ്ദേശത്തിൽ, അപേക്ഷ വീണ്ടും പരിഗണിക്കുവാൻ ദേശീയ വന്യജീവി ബോർഡിനോട് ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യം ദേശീയ വന്യജീവി ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ശബരിമലയിൽ കുടിവെള്ളമെത്തിക്കുന്ന കുന്നാർ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമുണ്ടോ; എങ്കിൽ | (ബി) ഉണ്ട്. എന്നാൽ ഇതുവരെ അനുമതി ലഭിച്ചിട്ടില്ല. കുന്നാർ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ യൂസർ ഏജൻസിയായ ട്രാവൻകൂർ ദേവസ്വം ബോർഡ് സമർപ്പിച്ചത്. വനം വകുപ്പിനെ |

പ്രസ്തുത അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി വൈകുവാനുള്ള കാരണം വ്യക്തമാക്കുമോ;പ്രസ്തുത അനുമതിക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ;

അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 14-05-2013-ന് ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാന വന്യജീവി ബോർഡ് അംഗീകരിക്കുകയും, അത് കേരള സർക്കാർ 02-09-2013-ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തു. തുടർന്ന് എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി, ദേശീയ വന്യജീവി ബോർഡിന്റെ 12-08-2014, 13-08-2014 എന്നീ തീയതികളിലെ 31-ാ മത്തെ യോഗത്തിൽ പ്രസ്തുത പ്രൊപ്പോസൽ പരിഗണിച്ചുവെങ്കിലും ഡാമിന്റെ ഉയരം കൂട്ടുന്നതിന പകരം, മറ്റ് മാർഗ്ഗങ്ങൾ സമർപ്പിക്കാനാണ് യോഗത്തിൽ തീരുമാനമുണ്ടായത്. എന്നാൽ ഈ കേസിൽ മറ്റ് പുതിയ മാർഗ്ഗങ്ങളെക്കാൾ പരിസ്ഥിതിക്ക് ഏറ്റവും കുറഞ്ഞ തോതിൽ ആഘാതം സൃഷ്ടിക്കുന്ന പ്രവൃത്തി എന്ന നിലയിൽ നിലവിലുള്ള കുന്നാർ ഡാമിന്റെ ഉയരം കൂട്ടുന്നത് തന്നെയാണ് അഭികാമ്യം എന്ന് പഠനത്തിൽ മനസ്സിലാക്കുകയും ഈ വിവരം ദേശീയ വന്യജീവി ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പമ്പയിൽ അയ്യപ്പ ഭക്തർക്കായി നിർമ്മിക്കുന്ന ടോയ് ലറ്റ് ബ്ലോക്കിന് വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമുണ്ടോ; എങ്കിൽ അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ശബരിമലയിൽ ലീസ്ഡ്/ഡൈവേർട്ട് ചെയ്ത സ്ഥലത്ത് ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം അംഗീകാരമുള്ള പ്രവർത്തനങ്ങൾക്ക് വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമില്ല. ടോയ് ലറ്റ് ബ്ലോക്ക് നിർമ്മിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടില്ല.

(ഡി) ശബരിമലയിലെ വികസന പ്രവർത്തനങ്ങൾക്ക് എത്ര ഭൂമി വിട്ടു നൽകണണമെന്നാണ് ദേവസ്വം ബോർഡ് വനം വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുന്നത്; ഇതിന്റെ നടപടികൾ ഏതു ഘട്ടത്തിലാണ്; എന്തൊക്കെ നടപടികളാണ് ഭൂമി വിട്ടുലഭിക്കാൻ വേണ്ടതെന്ന് വിശദമാക്കുമോ?

(ഡി) നിലവിൽ ശബരിമലയിൽ കുന്നാർ ഡാമിന്റെ ഉയരം കൂട്ടുന്നതുമായി ബന്ധപ്പെട്ട് 0.655 ഹെക്ടർ സ്ഥലം ഡൈവേർട്ട് ചെയ്യുവാനുള്ള നിർദ്ദേശമാണുള്ളത്. കുന്നാർ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ യൂസർ ഏജൻസിയായ ട്രാവൻകൂർ ദേവസ്വം ബോർഡ് സമർപ്പിച്ചത്, വനം വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 14-05-2013-ന് ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാന വന്യജീവി ബോർഡ് അംഗീകരിക്കുകയും, അത് കേരള സർക്കാർ 02-09-2013-ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്

സമർപ്പിക്കുകയും ചെയ്തു. തുടർന്ന് എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി, ദേശീയ വന്യജീവി ബോർഡിന്റെ 12-08-2014, 13-08-2014 എന്നീ തീയതികളിലെ 31ാമത്തെ യോഗത്തിൽ പ്രസ്തുത പ്രൊപ്പോസൽ പരിഗണിച്ചുവെങ്കിലും ഡാമിന്റെ ഉയരം കൂട്ടുന്നതിനു പകരം, മറ്റ് മാർഗ്ഗങ്ങൾ സമർപ്പിക്കാനാണ് യോഗത്തിൽ തീരുമാനമുണ്ടായത്. എന്നാൽ ഈ കേസിൽ മറ്റ് പുതിയ മാർഗ്ഗങ്ങളെക്കാൾ പരിസ്ഥിതിക്ക് ഏറ്റവും കുറഞ്ഞ തോതിൽ ആഘാതം സൃഷ്ടിക്കുന്ന പ്രവൃത്തി എന്ന നിലയിൽ നിലവിലുള്ള കുന്നാർ ഡാമിന്റെ ഉയരം കൂട്ടുന്നത് തന്നെയാണ് അഭികാമ്യം എന്ന് പഠനത്തിൽ മനസ്സിലാക്കുകയും ഈ വിവരം ദേശീയ വന്യജീവി ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന വന്യജീവി ബോർഡിന്റെ അംഗീകാരം ലഭിച്ച സ്ഥിതിക്ക് ഇനി ദേശീയ വന്യജീവി ബോർഡിന്റെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്.

Adithya

സെക്ഷൻ ഓഫീസർ